**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 154** | **11.02.2020 ൽ മറുപടിക്ക്**

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വസ്തുവകകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ. ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വസ്തുവകകളിൽ സംസ്ഥാന സർക്കാരിനുള്ള അവകാശം സംരക്ഷിക്കാൻ മോണിട്ടറിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ച് 29.07.2019 ലെ സ.ഉ (എം.എസ്) 243/2019/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവക കളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതു താത്പര്യം സംരക്ഷിക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. |
| (ബി) വസ്തുവകകളിൽ സംസ്ഥാന സർക്കാരിന്റെ നിയമപരമായ അവകാശം സംരക്ഷിക്കാൻ രൂപീകരിച്ച മോണിട്ടറിംഗ് സെല്ലിൽ ആരൊക്കെ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കാമോ; ഈ സെല്ലിന്റെ ഉദ്ദേശ്യവും ചുമതലകളും വ്യക്തമാക്കാമോ; | (ബി) ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ (ഇൻ-ചാർജ്ജ്) 26.09.2019 ലെ എൽ.ആർ.ജി 1/30584/2012 നമ്പർ നടപടിക്രമം പ്രകാരം അസിസ്റ്റന്റ് കമ്മീഷണറുടെ (എൽ.എ) നേതൃത്വത്തിൽ ശ്രീ. ബി.എസ്. സുരേഷ് കുമാർ (സീനിയർ സൂപ്രണ്ട്), ശ്രീ. ഷീബു എം. (സീനിയർ ക്ലാർക്ക്), ശ്രീ. അരുൺ ഗോപൻ ജി. (സീനിയർ ക്ലാർക്ക്) എന്നിവർ ഉൾപ്പെടുന്നതാണ് സെൽ. |

(സി) സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നൽകുന്ന ഭൂമി ഏതെങ്കിലും കാരണവശാൽ ആ സ്ഥാപനം നിർത്തുമ്പോഴോ സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോഴോ സംസ്ഥാന സർക്കാരിന് പ്രസ്തുത ഭൂമിയിലുള്ള അവകാശം പുന:സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(സി) സംസ്ഥാന സർക്കാർ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നൽകുന്ന ഭൂമി ഏതെങ്കിലും കാരണവശാൽ ആ സ്ഥാപനം നിർത്തുമ്പോഴോ സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോഴോ സംസ്ഥാന സർക്കാരിന് പ്രസ്തുത ഭൂമിയിലുള്ള അവകാശം പുന:സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കും.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളുടെ വിവരശേഖരണം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (യു) വകുപ്പ്

സ.ഉ. (എംഎസ്) നം.243/2019/റവ　　　　തീയതി, തിരുവനന്തപുരം 29 /07/2019

**ഉത്തരവ്**

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി വളരെ ഉദാരമായ വ്യവസ്ഥയിലോ, സൗജന്യമായിട്ടോ വിശാലമായ ഭൂമിയും വിലയേറിയ കെട്ടിടങ്ങളും കേരള സർക്കാർ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ അവ വിറ്റഴിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിനെ അതിൽ ഒരു തരത്തിലും ബന്ധപ്പെടുത്തുന്നതായി കാണുന്നില്ല. ഇപ്രകാരം സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്കു വിധേയമായോ നല്കിയ ഈ സ്വത്തുക്കൾ ഏതെങ്കിലും ഒരു കാലത്ത് വിറ്റഴിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യുമെന്ന് എന്തെങ്കിലും മുൻധാരണയുണ്ടായിരുന്നുവെങ്കിൽ സംസ്ഥാനത്തിന്റെ അമൂല്യമായ സമ്പാദ്യങ്ങളും ചരിത്രപ്രാധാന്യമുള്ള സ്വത്തുവകകളും അന്നത്തെ ഭരണാധികാരികൾ കേന്ദ്ര സ്ഥാപനങ്ങൾക്ക് നൽകുമായിരുന്നില്ല. ഇത്തരത്തിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലും സ്വകാര്യവത്കരണവും ഇനിയും പല വസ്തുവകകളുടേയും നഷ്ടത്തിന് ഇടയാക്കും എന്നതിൽ സംശയമില്ല. മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ക്രിയാത്മകമായ മുൻകൂർ നടപടികൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തൊട്ടാകെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്കു വിധേയമായോ നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ, അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാത്പര്യം സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുന്നതും അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടിയിരിക്കുന്നു.

2) മേൽ സാഹചര്യത്തിൽ മേൽ വിവരിച്ച പ്രകാരമുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളുടെ വിശദാംശം തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, ഇവയിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സ്ഥാപിച്ച് സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാത്പര്യം സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) മേൽപ്രകാരം രൂപീകരിക്കപ്പെട്ട മോണിറ്ററിങ് സെൽ ആവശ്യമായ വിവര ശേഖരണം നടത്തി സർക്കാർ ഉത്തരവു തീയതി മുതൽ ഒരു മാസത്തിനുള്ളിൽ സർക്കാരിൽ

വിശദാംശങ്ങൾ സമർപ്പിച്ചിരിക്കണം. വിവരശേഖരണത്തിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിനായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ ആസ്തികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുമായി കത്തിടപാടുകൾ നടത്തുന്നതിനും ആവശ്യമുള്ളപക്ഷം പൊതുമേഖലാസ്ഥാപനങ്ങളിലെ ആവശ്യമായ രേഖകൾ വിളിച്ചുവരുത്തുന്നതിനും ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും മോണിറ്ററിങ് സെല്ലിൽ നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും.

4) ഇപ്രകാരം രൂപീകരിക്കുന്ന മോണിറ്ററിങ് സെല്ലിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച തീരുമാനങ്ങൾ മോണിറ്ററിങ് സെല്ലിന്റെ ചുമതലയുള്ള അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

5) സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇക്കാര്യങ്ങളുടെ മേൽനോട്ടച്ചുമതല വഹിക്കുന്നതാണ്.

6) കൂടാതെ ഇത്തരത്തിലുള്ള വസ്തുവകകളിൽ പോക്കുവരവ് നടത്തുന്നതും, ഉടമസ്ഥാവകാശം, കൈവശാവകാശം മുതലായവ നിർണയിച്ച് നൽകുന്നതും ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മമായും ഉന്നതതലത്തിലും പരിശോധിച്ചായിരിക്കണം എന്നും ഇതിനാൽ നിഷ്കർഷിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു വി.**
**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
അസിസ്റ്റന്റ് കമ്മീഷണർ (ലാൻഡ് അസൈൻമെന്റ്), ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ